# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T1954** **11.06.2018-ൽ മറുപടിക്ക്**

## സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള പരസ്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഹൈബി ഈഡൻ** | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| എ) ഈ സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയും എഫ്.എം റേഡിയോ വഴിയും പരസ്യം നൽകിയിരുന്നോ; ഉണ്ടെങ്കിൽ എത്ര ദിവസമാണ് പരസ്യം നൽകിയത്; | (എ) സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പത്രങ്ങളിലും, എഫ്.എം റേഡിയോ വഴിയും പരസ്യം നൽകിയിട്ടുണ്ട്. ദൃശ്യമാധ്യമങ്ങളിൽ പരസ്യം ഇതുവരെ നൽകിയിട്ടില്ല. ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകുന്ന വിഷയം പരിഗണനയിലാണ്. പത്രങ്ങളിൽ 3 (മൂന്ന്) ദിവസങ്ങളിലായി പരസ്യം നൽകിയിട്ടുണ്ട്. എഫ്.എം റേഡിയോ വഴി 13 ദിവസം പരസ്യം നൽകിയിട്ടുണ്ട്. |
| ബി) ഏതൊക്കെ പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയാണ് പരസ്യം നൽകിയത്; പ്രസ്തുത പരസ്യം നൽകുന്നതിന് എത്ര കോടി രൂപയുടെ ചെലവ് ഉണ്ടായി; | (ബി) മാവേലിക്കര എഡിഷൻ തനിനിറം എക്സ്പ്രസ് ദിനപ്പത്രം ഒഴികെ മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ട A,B,C,D,E കാറ്റഗറിയിലുള്ള എല്ലാ മലയാളം, ഇംഗ്ലീഷ് ദിനപ്പത്രങ്ങൾക്കും, തീക്കതിർ, ദിനകരൻ എന്നീ തമിഴ് പത്രങ്ങൾക്കും, വിജയകർണ്ണാടക, വാർത്താ ഭാരതി, ഹോസാഡിഗന്ത എന്നീ കന്നട ദിനപ്പത്രങ്ങൾക്കും പരസ്യം നൽകിയിട്ടുണ്ട്. പരസ്യം നൽകിയ പത്രങ്ങളുടെ ലിസ്റ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. എ.ഐ.ആർ. എഫ്.എം, ക്ലബ് എഫ്.എം, റെഡ് എഫ്.എം, റേഡിയോ മാംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്.എം എന്നീ 6 എഫ്.എം റേഡിയോകൾ വഴിയും പരസ്യം നൽകിയിട്ടുണ്ട്. മാധ്യമ സ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ല. |
| സി) പത്ര, ദൃശ്യ മാധ്യമങ്ങൾക്കും എഫ്.എം. റേഡിയോകൾക്കും നൽകിയ തുകയുടെ വിവരം ലഭ്യമാക്കുമോ? | (സി) പത്രമാധ്യമങ്ങളും, എഫ്.എം റേഡിയോകളും ഇതുവഴി ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുകയൊന്നും നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

മലയാള മനോരമ, മാതൃഭൂമി, ചന്ദ്രിക, ക്രൈംസ്റ്റോറി, ദേശാഭിമാനി, ജനറൽ, ജനയുഗം, ജന്മഭൂമി, കേരളകൗമുദി, ദീപിക, കേരളകൗമുദി ഫ്ളാഷ്, മാധ്യമം, മംഗളം, രാഷ്ട്രദീപിക, സിറാജ്, മെട്രോവാർത്ത, കലാപ്രേമി, കാരവൽ(മലയാളം), കേരളരാജ്യം, കേരനാട്, കലാകൗമുദി, കേരള ഹെറാൾഡ്, കേരളവാർത്ത, ലേറ്റസ്റ്റ്, പ്രഹേളിക, ന്യൂസ് കേരള, പടയണി, പ്രഭാതവാർത്ത, പ്രദീപം, പൗരൻ, സായാഹ്നകൈരളി, സായാഹ്നശബ്ദം, സതേൺസ്റ്റാർ, സ്വതന്ത്രമണ്ഡപം, തനിമ, തലസ്ഥാനവാർത്ത, ഉത്തര ദേശം(മലയാളം) വർത്തമാനം, വേണാട് കൗമുദി, വേണാട് പത്രിക, മലയാള മഹിമ, മക്തബ്, ഭാരതപത്രിക, ഗദ്ദിക, ന്യൂ ഏജ്, സുദിനം, തുറന്നകത്ത്, തൃശ്ശിവപ്പേരൂർ എക്സ്പ്രസ്, ജന്മദേശം, കേരളഭൂഷണം, പീപ്പിൾസ് റിവ്യൂ, ക്രൈംതനിനിറം, ടെലഗ്രാഫ്, ബിഗ് ന്യൂസ്, വീക്ഷണം, മലബാർ വാർത്ത, സായാഹ്നം, ജന്മദേശം, സൗത്ത് ഇന്ത്യന്യൂസ്, കർമ്മശക്തി, സിറ്റി ജേർണൽ, ദി ഹിന്ദു(കേരളപേജ്), ബിസിനസ് ലൈൻ(കേരളപേജ്), ഡെക്കാൺ ക്രോണിക്കിൾ (കേരളപേജ്), ടൈംസ് ഓഫ് ഇന്ത്യ (കേരള പേജ്), ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ് (കേരള പേജ്), ബിസിനസ് സ്റ്റാൻഡേർഡ് (കേരള പേജ്), എക്കണോമിക് ടൈംസ് (കേരള പേജ്), ഹിന്ദുസ്ഥാൻ ടൈംസ്, തീക്കതിർ, ദിനകരൻ, വിജയകർണ്ണാടക, വാർത്താഭാരതി, ഹോസാഡിഗന്ത

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**